# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ജീവനക്കാര്യം: 19.05.2018-ലെ സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം നമ്പർ ഒ.എ. 2/18.04 - ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നൽകൽ, ഓർഡിനൻസ് രൂപീകരണം, അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യൽ എന്നിവയുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് തീരുമാനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ1 സെക്ഷൻ

നം. 4086/എ1/1/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 21.05.2018

---

സൂചന: 1. 24.03.2018-ലെ സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം നമ്പർ ഒ.എ. 19/18.03.

2. സർവ്വകലാശാല ഉത്തരവ് നം. 3355/എ1/1/2018/ഭരണവിഭാഗം തീയതി 13.04.2018.

3. 19.05.2018-ലെ സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം നമ്പർ OA 2/18.04.

## ഉത്തരവ്

സർവ്വകലാശാലയിൽ ക്ലറിക്കൽ അസിസ്റ്റന്റായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ. അശോക് കുമാർ പി.എസ്., തനിക്ക് അസിസ്റ്റന്റായി തസ്തികമാറ്റം വഴി നിയമനം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. പ്രസ്തുത വിഷയം 24.03.2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകണമെന്ന ശ്രീ. അശോക് കുമാർ പി.എസ്.-ന്റെ അപേക്ഷ പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിൻപ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതിനെത്തുടർന്ന് രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 19.05.2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം താഴെ പരാമർശിച്ചിട്ടുള്ള പ്രകാരം പ്രസ്തുത വിഷയം പരിഗണിക്കുകയും അതിൻപ്രകാരം, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നൽകൽ, ഓർഡിനൻസ് രൂപീകരണം, അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യൽ എന്നിവ സംബന്ധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതിന് താഴെ വിവരിച്ചിട്ടുള്ള പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ക്വാളിഫൈഡ് ക്ലറിക്കൽ അസിസ്റ്റന്റായ ശ്രീ. പി.എസ്. അശോക് കുമാറിന്റെയും സമാന തസ്തികകളിൽ ജോലി ചെയ്യുന്നവരുടെയും അപേക്ഷകളും, സർവ്വകലാശാല 16.04.2007 വരെ ക്വാളിഫൈഡ് ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് നൽകിയിരുന്ന പ്രമോഷൻ രീതിയും കേരള സർവ്വകലാശാലയിലും മറ്റ് ഇതര സർവ്വകലാശാലകളിലും ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് നൽകുന്ന പ്രമോഷൻ രീതിയും പരിഗണിച്ചു. കൂടാതെ ഓർഡിനൻസ് നടപ്പാക്കുന്നത് ചാൻസിലറുടെ അംഗീകാരത്തിനു ശേഷം മാത്രമേ ആകാവൂ എന്ന ബഹു. ചാൻസിലറുടെ ഓഫീസിൽ നിന്നും 04.04.2018-ലെ GS5-457/2018-ാം നമ്പർ കത്തും പരിഗണിച്ചു. സർവ്വകലാശാല വർഷങ്ങളായി ക്വാളിഫൈഡ് ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് നൽകിയിരുന്ന പ്രമോഷൻ 16.04.2007-ൽ നിർത്തലാക്കിയെങ്കിലും സർവ്വകലാശാല ഓർഡിനൻസ് ഇതുവരെ രൂപീകരിച്ചിട്ടില്ല. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഏഴ് വർഷം സർവ്വീസുള്ള ക്ലറിക്കൽ അസിസ്റ്റന്റുമാർ ആ കാലയളവിൽ അഞ്ച് വർഷം ക്വാളിഫൈഡ് ക്ലറിക്കൽ അസിസ്റ്റന്റായി സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രൊമോഷൻ മുഖേന അസിസ്റ്റന്റായി നിയമനം നൽകാനും തീരുമാനിച്ചു. മേൽ തീരുമാനം നടപ്പിലാക്കിയതിനു ശേഷം 2018 ജൂലൈ 31 വരെ ഉണ്ടാകുന്ന അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് ഉടൻ റിപ്പോർട്ട് ചെയ്യുന്നതിനും ഉടൻ തന്നെ ഓർഡിനൻസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി/പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
4. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
5. എസി.സി സെക്ഷൻ / ലീഗൽ സെക്ഷൻ
6. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യൂ.എ.സി.
7. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

റഫറൻസ്: ഫയൽ നം. എഡി.എ1-1-105/2018

സെക്ഷൻ ഓഫീസർ